# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3297 **18/02/2013**-ൽ മറുപടിക്ക്

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ പ്രവർത്തനം.

ചോദ്യം

ശ്രീമതി പി. അയിഷാ പോറ്റി.

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്; പ്രസ്തുത ജീവനക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | കൊട്ടാരക്കരത്തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1) ടെക്നിക്കൽ അസിസ്റ്റന്റ് - 1<br>2) ടെക്നിക്കൽ ഹെൽപ്പർ - 1<br>3) ഓഫീസ് അറ്റൻഡന്റ് - 1<br>4) പാർട്ട് ടൈം സ്വീപ്പർ - 2<br>ടെക്നിക്കൽ അസിസ്റ്റന്റ് ഇപ്പോൾ തക്കല പത്മനാഭപുരം കൊട്ടാരത്തിൽ ചാർജ്ജ് ഓഫീസറായി പ്രവൃത്തി ക്രമീകരണാടിസ്ഥാനത്തിൽ ജോലി നോക്കുന്നു. ഇപ്പോൾ മ്യൂസിയത്തിലെ ചാർജ്ജ് ഓഫീസറുടെ ചുമതല കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലെ ഡോക്യുമെന്റേഷൻ അസിസ്റ്റന്റിനാണ്.<br><br>ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വവും സംബന്ധിച്ച് പുരാവസ്തുവകുപ്പിൽ വർക്ക് കോഡ്/മാന്വൽ നിലവിലില്ല. ഉത്ഖനനവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നിർവഹിക്കുന്നത് ടെക്നിക്കൽ അസിസ്റ്റന്റ് ആണ്. മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾ പരിപാലിക്കുന്ന ചുമതലയാണ് ടെക്നിക്കൽ ഹെൽപ്പർക്ക്. ഓഫീസ് അറ്റൻഡന്റ് - ഓഫീസിൽ ദൈനംദിന ജോലികൾക്ക് സഹായം നൽകുന്ന ചുമതല വഹിക്കുന്നു. പാർട്ട് ടൈം സ്വീപ്പർ മ്യൂസിയത്തിന്റെ ശുചീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | മ്യൂസിയത്തിന്റേയും ജീവനക്കാരുടെയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ പുരാവസ്തുവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ് ; | (ബി) | മ്യൂസിയത്തിന്റേയും ജീവനക്കാരുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ചുമതല ചാർജ്ജ് ഓഫീസർക്കാണ്. പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ ചാർജ്ജ് ഓഫീസർ മുഖാന്തിരം നടപ്പിൽ വരുത്തുന്നു.. |
| (സി) | കഥകളി പരിജ്ഞാനമുള്ളതോ പരിശീലനം ലഭ്യമായിട്ടുള്ളതോ ആയ ജീവനക്കാരെ കൂടി മ്യൂസിയത്തിൽ നിയമിച്ച് മ്യൂസിയത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | പുരാവസ്തു വകുപ്പിൽ കഥകളി പരിജ്ഞാനം അഭിലഷണീയമാക്കി തസ്തികകൾ നിലവിലില്ലാത്തതിനാൽ ആയത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ